നമ്പർ. എ.ഡി(3) 145/2025

സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ്,
ജവഹർ സഹകരണ ഭവൻ,
അഞ്ചാം നില, ഡി.പി.ഐ.ജംഗ്ഷൻ
തൈയ്ക്കാട്.പി.ഒ, തിരുവനന്തപുരം,
തീയതി : 30.05.2025

# സർക്കുലർ നം 04/2025

**വിഷയം:-** സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഓഡിറ്റിന് ആവശ്യമായ രേഖകളും സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കാത്ത സഹകരണ സംഘങ്ങളെ RNA പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമം - വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

**പരാമർശം**
1) 15.05.1974 ലെ സംസ്ഥാന കൃഷി വകുപ്പ് സർക്കുലർ നമ്പർ. 10054/CE2/74/AD.
2) 26.12.1975 ലെ 3630/75 നമ്പർ സർക്കാർ ഉത്തരവ്.
3) സഹകരണ സംഘം രജിസ്ട്രാറുടെ 34/70 നമ്പർ സർക്കുലർ.
4) സഹകരണ സംഘം രജിസ്ട്രാറുടെ 38/75 നമ്പർ സർക്കുലർ.
5) സഹകരണ ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്)-ന്റെ 21.11.1974 -ലെ 56/74 നം സർക്കുലർ.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ ഏതൊരു സ്റ്റേറ്റ്മെന്റുകളും ഷെഡ്യൂളും വിവരങ്ങളും പരിശോധിക്കുന്നതും ആവശ്യപ്പെടുന്നതും സംബന്ധിച്ച് 1969 -ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 64 ലും ചട്ടം 64 B(7) ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം എല്ലാ സംഘങ്ങളുടെയും കണക്കുകൾ കുറഞ്ഞത് വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഓഡിറ്റ് നടത്തേണ്ടത് അതാത് ഭരണസമിതിയുടെ ചുമതലയാണ് എന്ന് വകുപ്പ് 63 (4) ലും ഓരോ സംഘത്തിന്റെയും ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും മറ്റ് നിയമാനുസൃത വിവരങ്ങളും സാമ്പത്തിക വർഷം അവസാനിച്ച ഒരു മാസത്തിനുള്ളിൽ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി നൽകേണ്ടതും ഈ വിവരം സഹകരണ ഓഡിറ്റ് ഡയറക്ടറേയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെയോ അറിയിക്കേണ്ട ചുമതല ചീഫ് എക്സിക്യൂട്ടീവിനാണ് എന്ന് വകുപ്പ് 64 (4) ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സാമ്പത്തികവും മറ്റ് നിയമാനുസൃത സ്റ്റേറ്റ്മെന്റുകളുടെയും കൃത്യത ഉറപ്പുവരുത്തി 15 ദിവസത്തിനുള്ളിൽ ഓഡിറ്റർക്ക് സമർപ്പിക്കേണ്ടതും ഭരണസമിതിയുടെ ചുമതലയാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഭരണസമിതി ടി സ്ഥാനത്ത് തുടരുന്നത് അയോഗ്യതയായി കണക്കാക്കുന്നതാണെന്നും വകുപ്പ് 64 (4)(A) ലും നിഷ്കർഷിച്ചിട്ടുണ്ട്.

1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പലതും അവരുടെ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും റിക്കോർഡുകളും മറ്റ് നിയമാനുസൃത വിവരങ്ങളും മേൽ വ്യവസ്ഥകൾക്ക് വിധേയമായി ഓഡിറ്റിന് ലഭ്യമാക്കാത്ത കാരണത്താൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

വകുപ്പ് 64(2 ബി) പ്രകാരം ഓഡിറ്റിന് വേണ്ട റിക്കോർഡുകളും മറ്റ് രേഖകളും ഹാജരാക്കുന്നതിന് ബന്ധപ്പെട്ട വ്യക്തിക്ക് സമൻസ് നൽകാൻ ഓഡിറ്റ് ഡയറക്ടർക്കും ഓഡിറ്റ് ഡയറക്ടർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് പരാമർശം സർക്കാർ ഉത്തരവുകളുടെയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ RNA (Records Not Available) പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓഡിറ്റിന് ആവശ്യമായ രേഖകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട്, ഓരോ സംഘവും ഓഡിറ്റ് ചെയ്യാൻ നിയോഗിച്ചിട്ടുള്ള ഓഡിറ്റ് ടീം ലീഡർ എല്ലാ സാമ്പത്തിക വർഷവും ഫെബ്രുവരി ആദ്യവാരം തന്നെ കേരള സഹകരണ നിയമം വകുപ്പ് 64(4), 64(4എ) പ്രകാരം നടപടികൾ സ്വീകരിച്ച് ഓഡിറ്റിനാവശ്യമായ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും റിക്കോർഡുകളും മറ്റ് നിയമാനുസൃത വിവരങ്ങളും ലഭ്യമാക്കണമെന്ന് സഹകരണ സംഘങ്ങൾക്ക് നോട്ടീസ് നൽകേണ്ടതാണ്. അപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.**(മാതൃക അനുബന്ധം 1)**
2. ഇപ്രകാരം റിക്കോർഡുകൾ ലഭ്യമാക്കിയ എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഓഡിറ്റ് ടീം അംഗങ്ങൾ ശ്രദ്ധിക്കേണ്ടതും ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.
3. സാമ്പത്തിക വർഷം അവസാനിച്ച് ഒരു മാസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഡിറ്റിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ഭരണസമിതി മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കാതിരിക്കുകയും ടി വിവരം ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനെ അറിയിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആയത് അടിയന്തിരമായി സമർപ്പിക്കുന്നതിന് ടി സഹകരണ സംഘങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നോട്ടീസ് നൽകേണ്ടതാണ്. **(മാതൃക അനുബന്ധം 2)**
4. ടി നോട്ടീസ് കൈപ്പറ്റിയ ശേഷവും ഓഡിറ്റിന് ആവശ്യമായ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും, റിക്കോർഡുകളും മറ്റ് നിയമാനുസൃത വിവരങ്ങളും ഭരണസമിതി അംഗീകരിച്ച് ഓഡിറ്റ് ടീമിന് ഓഡിറ്റിനായി നൽകാത്ത പക്ഷം ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ 7 ദിവസങ്ങൾക്കുള്ളിൽ ഓഡിറ്റിന് ആവശ്യമായ രേഖകൾ നിയമാനുസൃതം ഹാജരാക്കാൻ സംഘം ഭരണസമിതിക്ക് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകേണ്ടതാണ്. **(മാതൃക അനുബന്ധം 3)** ഇപ്രകാരം സമയപരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കാത്ത പക്ഷം ടി സംഘത്തെ/ സംഘങ്ങളെ RNA പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും **(മാതൃക അനുബന്ധം 4)** ടി ഉത്തരവിന്റെ പകർപ്പ് 1969 -ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 94(4), 64(4എ) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ സഹിതം ഭരണ വിഭാഗത്തിന് നൽകേണ്ടതുമാണ്. **(മാതൃക അനുബന്ധം 5)**

5. ചീഫ് എക്സിക്യൂട്ടീവ് ടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ഭരണസമിതിയുടെ അംഗീകാരത്തിന് നൽകിയിട്ടും ഭരണസമിതി സമയബന്ധിതമായി അംഗീകരിച്ച് ഓഡിറ്റർക്ക് നൽകാത്ത സാഹചര്യം സംജാതമായാൽ ആയത് ഓഡിറ്റ് ടീം ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതും, ഓഡിറ്റിന് ആവശ്യമായ രേഖകൾ നിയമാനുസൃതം 7 ദിവസത്തിനകം ഓഡിറ്റ് ടീമിന് സമർപ്പിക്കുന്നതിന് ടി ഉദ്യോഗസ്ഥൻ സംഘം പ്രസിഡന്റിന് രജിസ്റ്റേർഡ് നോട്ടീസ് നൽകേണ്ടതുമാണ്. **(മാതൃക അനുബന്ധം 6)**. ടി നോട്ടീസ് കൈപ്പറ്റിയ ശേഷവും ഭരണ സമിതി മനപൂർവ്വമായോ അല്ലാതെയോ ഓഡിറ്റിന് വേണ്ട സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കാത്ത പക്ഷം ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മേൽ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

6. നോട്ടീസ്/സമൻസ് ബന്ധപ്പെട്ടവർ കൈപ്പറ്റാതെ തിരികെ വന്നാൽ മേൽ പരാമർശപ്രകാരം RNA നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. റിക്കാർഡുകൾ കോടതിയിലോ പോലീസ് കസ്റ്റഡിയിലോ ഉള്ള സംഘങ്ങളുടെ വിഷയത്തിൽ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ ഓഡിറ്റിനായി റിക്കോർഡുകൾ ഹാജരാക്കുന്നതിന് കോടതിയെയോ ബന്ധപ്പെട്ട പോലീസ് അധികാരികളേയോ രേഖാമൂലം സമീപിക്കേണ്ടതാണ്. കൂടാതെ ടി വിഷയം ഭരണ വിഭാഗത്തിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

8. കേരള സഹകരണ നിയമം വകുപ്പ് 64(4), 64(4എ) എന്നിവയ്ക്ക് വിരുദ്ധമായി ചീഫ് എക്സിക്യൂട്ടീവ്/ഭരണസമിതി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള നടപടികൾ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം (സെപ്റ്റംബർ 30) പൂർത്തീകരിക്കേണ്ടതാണ്.

9. RNA-യിൽ ഉൾപ്പെടുത്തിയ ജില്ലയിലെ എല്ലാ സംഘങ്ങളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ താഴെ പറയുന്ന മാതൃകയിൽ അതാത് സർക്കിൾ ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും സൂക്ഷിക്കേണ്ടതാണ്. സർക്കിൾ തലത്തിലുള്ള RNA സംഘങ്ങളുടെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിയ്ക്കകം ജോയിന്റ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | സംഘങ്ങളുടെ പേരും നമ്പരും | സംഘം വിഭാഗം/ ഭരണ വിഭാഗം | ഓഡിറ്റ് വർഷം | സമൻസ്/ നോട്ടീസ് നൽകിയ തീയതി | സമൻസ്/നോട്ടീസ് കൈപ്പറ്റിയ തീയതി | സമൻസ് /നോട്ടീസ് തിരികെ വന്ന തീയതി | RNA ഉത്തരവ് നമ്പർ, തീയതി | ഭരണ വിഭാഗത്തിന് തുടർ നർപടികൾക്കായി കത്ത് അയച്ച തീയതി | ഭരണ വിഭാഗം സ്വീകരിച്ച നടപടി ഉത്തരവ് നം, തീയതി. | റിമാർക്സ് |
| | | | | | | | | | | |

10. **ജില്ലയിലെ പ്രവർത്തനമില്ലാത്ത സഹകരണ സംഘങ്ങളെ (Dormant/defunct) സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 38/75 സർക്കുലർ നിർദ്ദേശ പ്രകാരം കൈക്കൊണ്ടിട്ടുള്ള നടപടി താഴെ പറയുന്ന മാതൃകയിൽ അതാത് സർക്കിൾ ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും സൂക്ഷിക്കേണ്ടതാണ്.**

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നം | സംഘങ്ങളുടെ പേരും നമ്പരും | വിഭാഗം | അവസാനമായി ഓഡിറ്റ് ചെയ്ത വർഷം. | സംഘം ഡോർമന്റ് ആയ വർഷം. | സഹകരണ സംഘം രജിസ്ട്രാറുടെ 38/75 സർക്കുലർ പ്രകാരം സംഘം wind up ചെയ്യുന്നതിലേക്കായി ഭരണ വിഭാഗത്തിന് നൽകിയ കത്തിന്റെ നമ്പറും തീയതിയും. | ഭരണ വിഭാഗം കൈക്കൊണ്ട നടപടികൾ. |
| | | | | | | |

SHERIN. M.S. IAAS
സഹകരണ ആഡിറ്റ് ഡയറക്ടർ

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും.
3. എല്ലാ താലൂക്ക് തല അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജില്ല ജോയിന്റ് ഡയറക്ടർ മുഖേന).
4. എല്ലാ വകുപ്പ് തല ഓഡിറ്റർമാർക്കും.
5. സഹകരണ ഓഡിറ്റ് ഡയറക്ടറുടെ മേശപ്പുറത്ത്.
6. സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടറുടെ മേശപ്പുറത്ത്.

പകർപ്പ് :-

1. സഹകരണ സംഘം രജിസ്ട്രാർ.
2. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർമാർക്കും.
3. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.
4. വെബ് സൈറ്റ്/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് ഡയറക്ടർ

(അനുബന്ധം-1)

**<u>കേരള സഹകരണ നിയമം വകുപ്പ് 64(2)(b), 64(4) എന്നിവ പ്രകാരമുള്ള നോട്ടീസ്</u>**

**ടീം ലീഡർ**
**ഓഡിറ്റ് ടീം നമ്പർ:-------**
**---------- ആഫീസ്**
**..................................................**

**സെക്രട്ടറി,**
**..............................................**
**..............................................**

**വിഷയം:-** 20....-20....... വർഷത്തെ ആഡിറ്റ് പൂർത്തീകരണം ഓഡിറ്റിന് ആവശ്യമായ സാമ്പത്തിക രേഖകളും സ്റ്റേറ്റ്മെന്റുകളും നിയമാനുസൃതമായ മറ്റ് രേഖകളും സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം –സംബന്ധിച്ച്.

**സൂചന :-** സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ............ തീയതിയിലെ ....../ 2025 നം സർക്കുലർ

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 64(4) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് ഒരു മാസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവ് ഓഡിറ്റിനാവശ്യമായ സാമ്പത്തിക രേഖകൾ, മറ്റ് സ്റ്റേറ്റ്മെന്റുകൾ, മറ്റ് നിയമാനുസൃത വിവരങ്ങൾ എന്നിവ തയ്യാറാക്കി ഭരണസമിതി മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും ടി വിവരം സഹകരണ ഓഡിറ്റ് ഡയറക്ടറെ അറിയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം ...............സാമ്പത്തിക വർഷത്തെ ഓഡിറ്റിനാവശ്യമായ എല്ലാ സ്റ്റേറ്റ്മെന്റുകളും നിശ്ചിത സമയത്തിനുള്ളിൽ (ഏപ്രിൽ 30-നകം)തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് പ്രകാരമുള്ള അറിയിപ്പ് മെയ് മാസം അഞ്ചാം തീയതിക്കുള്ളിൽ തന്നെ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇപ്രകാരം സംഘം ചീഫ് എക്സിക്യൂട്ടീവ് തയ്യാറാക്കി സമർപ്പിക്കുന്ന ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെയും മറ്റ് നിയമാനുസൃത വിവരങ്ങളുടെയും കൃത്യത ഭരണസമിതി ഉറപ്പ് വരുത്തി ആയത് 15 ദിവസത്തിനുള്ളിൽ ഓഡിറ്റർക്ക് സമർപ്പിക്കുന്നതിന് വകുപ്പ് 64(4 എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നടപ്പ സാമ്പത്തിക വർഷത്തെ ഓഡിറ്റിന് ആവശ്യമായ എല്ലാ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുംമെയ് 15-നകം ഓഡിറ്റ് ടീമിന് ലഭ്യമാക്കേണ്ടതാണ്.

ആയവനിയമപരമായ ബാദ്ധ്യത ആയതിനാൽ ഇതിൽ വീഴ്ചവരുത്തരുതെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**വിശ്വസ്തതയോടെ,**

**(ടീം ലീഡർ , ഓഡിറ്റ് ടീം നമ്പർ-------**
**------------------------- ഓഫീസ്)**

പകർപ്പ്:

1. പ്രസിഡന്റ് ,
   --------------- സഹകരണ സംഘം ക്ലിപ്തം നമ്പർ----

(അനുബന്ധം -2)

**കേരള സഹകരണ സംഘം നിയമം വകുപ്പ് 64(2)(b) , 64(4) ,64(4)(എ) എന്നിവ പ്രകാരമുള്ള നോട്ടീസ്**

**അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ**

............................................................

**പ്രസിഡന്റ്,**

....................................................

....................................................

| | |
|---|---|
| **വിഷയം:-** | **(സംഘത്തിന്റെ പേര് )ന്റെ 20....-20....... വർഷത്തെ ആഡിറ്റ് പൂർത്തിയാക്കുന്നത് സംബന്ധിച്ച്.** |
| **സൂചന :-** | **1.സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ............ തീയതിയിലെ ....../ 2025 നം സർക്കുലർ.**<br>**2. ടീം ലീഡർ സംഘത്തിന്ഫെബ്രുവരി ആദ്യവാരം നൽകിയ കത്ത് (നമ്പറും തീയതിയും ഉൾപ്പടെ).** |

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 64(4) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് ഒരു മാസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഡിറ്റിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ഭരണസമിതി മുമ്പാകെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള വിവരം സഹകരണ ഓഡിറ്റ് ഡയറക്ടറെ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വിവരം അറിയിക്കുന്നതിന് സൂചന (2) പ്രകാരം സംഘം സെക്രട്ടറിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ വകുപ്പ് 64(4) പ്രകാരമുള്ള നടപടികൾ സംഘം ചീഫ് എക്സിക്യൂട്ടീവ് സ്വീകരിക്കുകയോ ടി വിവരം ഈ ഓഫീസിൽ അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല. ടി സാഹചര്യത്തിൽ ഓഡിറ്റിനാവശ്യമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിഅംഗീകാരത്തിനായി ഭരണസമിതിക്ക് ഹാജരാക്കാൻ സംഘം ചീഫ് എക്സിക്യൂട്ടീവിന് അടിയന്തിര നിർദ്ദേശം നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കുന്ന ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെ കൃത്യത ഉറപ്പ് വരുത്തി 10 ദിവസങ്ങൾക്കം ടി രേഖകൾ ഓഡിറ്റിനായി ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം സംഘത്തെ RNAപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സഹകരണ നിയമം വകുപ്പ് 64(4എ) പ്രകാരം ഭരണസമിതി അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യും എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

**വിശ്വസ്തതയോടെ,**

**അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ**

പകർപ്പ്:- ജില്ലാ ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർ

**(അനുബന്ധം-3)**

**<u>രജിസ്റ്റേർഡ് - കൈപ്പറ്റ് ചീട്ട് സഹിതം</u>**

**<u>കേരള സഹകരണ സംഘം നിയമം വകുപ്പ് 64(2)(b) , 64(4), 64(4) (എ) പ്രകാരമുള്ള നോട്ടീസ്</u>**

**അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/**
**അഡീഷണൽ ഡയറക്ടർ**

**.......................................................**

**പ്രസിഡന്റ്/സെക്രട്ടറി,**

**...............................................**

**വിഷയം:-** **(സംഘത്തിന്റെ പേര് )ന്റെ 20....-20....... വർഷത്തെ ആഡിറ്റ് പൂർത്തിയാക്കുന്നത് സംബന്ധിച്ച്.**

**സൂചന :-**

1. **സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ....................തീയതിയിലെ ......./ 2025 നം സർക്കുലർ.**
2. **ടീം ലീഡർ.................... തീയതിയിൽ നൽകിയ നോട്ടീസ്.**
3. **അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ പ്രസിഡന്റിന് നൽകിയ.................. തീയതിയിലെ ....................... നം കത്ത്.**

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 64(4) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് ഒരു മാസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഡിറ്റിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ഭരണസമിതി മുമ്പാകെ അംഗീകാരത്തിന് സമർപ്പിച്ച് ടി വിവരം സഹകരണ ഓഡിറ്റ് ഡയറക്ടറെ അറിയിക്കുന്നതിന് സൂചന(2) പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. തുടർന്ന് ഓഡിറ്റിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് സൂചന (3) പ്രകാരം താങ്കൾക്ക് (പ്രസിഡന്റ്) നോട്ടീസ് നൽകിയെങ്കിലും ആയതിന്മേലും യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. ടി സാഹചര്യത്തിൽ ഈ കത്ത് കിട്ടി 7 ദിവസത്തിനകം (---------തീയതി) ഓഡിറ്റിനാവശ്യമായ എല്ലാ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി കൃത്യത ഉറപ്പ് വരുത്തി ഭരണസമിതിയുടെ അംഗീകാരത്തോടെ ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇനിയൊരു അറിയിപ്പ് കൂടാതെ താങ്കളുടെ സംഘത്തെ RNA(Records Not Available) പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സഹകരണ സംഘം നിയമം വകുപ്പ് 94(4) പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും സഹകരണ സംഘം നിയമം വകുപ്പ് 64(4എ) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

**വിശ്വസ്തതയോടെ,**

**അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/**
**അഡീഷണൽ ഡയറക്ടർ**

## (അനുബന്ധം-4)

## കേരള സഹകരണ സംഘം നിയമ പ്രകാരം ഓഡിറ്റിന് ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ/ രേഖകൾ ലഭ്യമാക്കാത്ത -------- നമ്പർ ---------- സഹകരണ സംഘത്തെ RNA(Records Not Available)വിഭാഗത്തിൽ പെടുത്തി സഹകരണ അഡിഷണൽ /ജോയിന്റ് ഡയറക്ടർ (ഓഡിറ്റ് )പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ:-----------------------)

നമ്പർ. ......................                                   ......................................ആഫീസ്,
സ്ഥലം, ..................... തീയതി:.....................

**വിഷയം:-** സഹകരണ വകുപ്പ്- (സംഘത്തിന്റെ പേര് ) ക്ലിപ്തം നമ്പർ ......നെ ആർ.എൻ.എ. വിഭാഗത്തിലേയ്ക്ക് മാറ്റി ഉത്തരവാകുന്നത് സംബന്ധിച്ച്.

**പരാമർശം :-**
1. സഹകരണ ഓഡിറ്റ് ഡയറക്ടറുടെ...................തീയതിയിലെ .............ാം നമ്പർ സർക്കുലർ.
2. ടീം ലീഡർ സെക്രട്ടറിയ്ക്ക്..................... തീയതിയിൽ നൽകിയ നോട്ടീസ്.
3. അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ പ്രസിഡന്റിന്.................. തീയതിയിൽ നൽകിയ നോട്ടീസ്.
4. അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ പ്രസിഡന്റിന്..............തീയതിയിൽ നൽകിയ രജിസ്റ്റേർഡ് നോട്ടീസ്.
5. അസിസ്റ്റന്റ് ഡയറക്ടർ ജില്ല ജോയിന്റ് ഡയറക്ടർക്ക് .........തീയതിയിൽ നൽകിയ കത്ത്.

(സംഘത്തിന്റെ പേര്) ക്ലിപ്തം നമ്പർ....................ന്റെ 20...............20.................. വർഷത്തെ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ റിക്കാർഡുകൾ ലഭ്യമാക്കാത്തതിനാൽ പരാമർശം (1) ന് വിധേയമായി പരാമർശം (2) പ്രകാരം റിക്കോർഡുകൾ ലഭ്യമാക്കുന്നതിന് സംഘം ചീഫ് എക്സിക്യൂട്ടീവിന് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ ആയത് സമയ ബന്ധിതമായി സമർപ്പിക്കാത്ത സാഹചര്യത്തിൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് നിശ്ചിത സമയത്തിനുള്ളിൽ ഹാജരാക്കുന്നതിന് സംഘം പ്രസിഡന്റ്/ സെക്രട്ടറിക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ പരാമർശം (3) (4) പ്രകാരം കത്ത് നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശം സംഘം പാലിച്ചിട്ടില്ല എന്ന വിവരം പരാമർശം (5) പ്രകാരം താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർറിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ സമയബന്ധിതമായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് രജിസ്റ്റേർഡ് നോട്ടീസ് ഉൾപ്പടെ പരാമർശം (2),(3),(4) പ്രകാരം സംഘം പ്രസിഡന്റ്/സെക്രട്ടറിക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ കത്ത് നൽകിയിട്ടും നാളിതുവരെയായി ടി രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും സംഘത്തിന്റെ 20........20.......... വർഷത്തെ റിക്കാർഡുകൾ ഓഡിറ്റിനായി നിയമാനുസൃത സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പരാമർശം (5) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ ടി സംഘത്തിനെ ആർ.എൻ.എ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

.................................... സംഘത്തിന്റെ ..........................................വർഷത്തെ ഓഡിറ്റ് നടത്തുന്നതിന് രേഖകൾ/റിക്കാർഡുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പരാമർശം (1) ലെ വ്യവസ്ഥ പ്രകാരം പ്രസ്തുത സംഘത്തെ ഓഡിറ്റ് നടത്തേണ്ട സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തും ഓഡിറ്റിനായി റിക്കോർഡുകൾ ലഭ്യമല്ലാത്തവയുടെ (RNA) പട്ടികയിൽ ഉൾപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

**സഹകരണ അഡീഷണൽ/ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്)**

1. പ്രസിഡന്റ്/ സെക്രട്ടറി, ..................................................സഹകരണ സംഘം.
2. ഭരണവിഭാഗം (അഡീഷണൽ രജിസ്ട്രാർ/ജില്ല ജോയിന്റ് രജിസ്ട്രാർ/ ഫങ്ഷണൽ രജിസ്ട്രാർ).

**പകർപ്പ്:-**

1. ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്).
2. ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ).
3. ബന്ധപ്പെട്ട ടീം ലീഡർക്ക്.

**<u>(അനുബന്ധം-5)</u>**

സഹകരണ അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ

........................................................

........................................................

സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ/ഫങ്ഷണൽ രജിസ്ട്രാർ

................................................

................................................

| | | |
|---|---|---|
| **വിഷയം:-** | | **20....-20....... വർഷത്തെ ഓഡിറ്റ് പൂർത്തീകരണം- കണക്ക് പുസ്തകങ്ങളും സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിക്കാത്തത്- RNA നടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്.** |
| **സൂചന :-** | 1. | **സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ............ തീയതിയിലെ ....../ 2025 നം സർക്കുലർ** |
| | 2. | **ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ........ തീയതിയിലെ........... നം RNA ഉത്തരവ്.** |

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ...................................... സംഘത്തെ RNA ആക്കിയ ഉത്തരവ് തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ സഹകരണ സംഘം നിയമം വകുപ്പ് 94(4), 64(4എ) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്ത് കൊള്ളുന്നു.

**വിശ്വസ്തതയോടെ,**

**അസിസ്റ്റന്റ് ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/**
**അഡീഷണൽ ഡയറക്ടർ**

**(അനുബന്ധം -6)**

**കേരള സഹകരണ സംഘം നിയമം വകുപ്പ് 64(2)(b) ,64(4), 64(4) (എ) എന്നിവ പ്രകാരം നൽകുന്ന നോട്ടീസ്**

ടീം ലീഡർ

........................................................

........................................................

പ്രസിഡന്റ്

................................................

................................................

**വിഷയം:-** (സംഘത്തിന്റെ പേര്) ന്റെ 20....-20....... വർഷത്തെ ആഡിറ്റ് പൂർത്തിയാക്കുന്നത് സംബന്ധിച്ച്.

**സൂചന :-**

1. **സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ............ തീയതിയിലെ ....../ 2025 നം സർക്കുലർ.**
2. **ടീം ലീഡർ സംഘത്തിന് ഫെബ്രുവരി ആദ്യവാരം നൽകിയ കത്ത്.**
3. **സംഘം സെക്രട്ടറിയുടെ........... തീയതിയിലെ ............ നം കത്ത്.**

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 64(4) പ്രകാരം സംഘത്തിന്റെ ഓഡിറ്റിനാവശ്യമായ രേഖകൾ തയ്യാറാക്കി ഹാജരാക്കുന്നതിന് സൂചന (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവിന് നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് സൂചന (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ സഹകരണ സംഘം നിയമം വകുപ്പ് 64(4എ) പ്രകാരം ഭരണസമിതി ടി സ്റ്റേറ്റ്മെന്റുകളുടെ കൃത്യത ഉറപ്പ് വരുത്തി അംഗീകരിച്ച് നാളിതുവരെ ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ സഹകരണ സംഘം നിയമം വകുപ്പ് 64(4എ) പ്രകാരമുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതിനും സംഘത്തെ RNA പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാതിരിക്കുന്നതിലേക്കായും ഓഡിറ്റിന് ആവശ്യമായ രേഖകൾ ഈ കത്ത് കിട്ടി 7 ദിവസത്തിനകം (.............തീയതി) ഓഡിറ്റ് ടീമിന് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**

**അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/**
**അഡീഷണൽ ഡയറക്ടർ**

പകർപ്പ്:- ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ.